# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 570

## 07.01.2014 ലെ മറുപടിക്ക്

നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ

**ചോദ്യം** | **ഉത്തരം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ**

**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പ്രകാരം സംസ്ഥാനത്ത് ഓരോ മണ്ഡല ത്തിലും ഏതൊക്കെ പ്രവൃത്തിക ളാണ് ഏറ്റെടുത്തതെന്ന് വിശദമാ ക്കാമോ ; | 11.06.2012 ലെ സ.ഉ.(പി) നം.332/12/ധന പ്രകാരമാണ് LAC-ADS നിലവിൽ വന്നത്. അതിനു ശേഷം 2013-14 സാമ്പത്തിക വർഷം 13334.13 ലക്ഷം രൂപയുടെ 148 പ്രവൃത്തികൾക്കും 2012-13 സാമ്പത്തിക വർഷം 66884.1 ലക്ഷം രൂപയുടെ 855 പ്രവൃത്തികൾക്കും ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ധനവകുപ്പ് അനുമതി നൽകുകയുണ്ടായി. സമാഹൃത സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും ഇതിനകം എത്ര തുക നീക്കിവച്ചെന്നും ഇതിൽ എന്തു തുക വീതം ചെലവഴി ച്ചെന്നും വിശദമാക്കാമോ; | ആസ്തി വികസന പദ്ധതി പ്രകാരം ഒരു നിയോജക മണ്ഡലത്തിന് 5 കോടി രൂപയാണ് പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കു കീഴിൽ വിവിധ നിയോജക മണ്ഡലങ്ങളിലായി 2013-14 സാമ്പത്തിക വർഷം 13334.13 ലക്ഷം രൂപയുടെ 148 പ്രവൃത്തികൾക്കും 2012-13 സാമ്പത്തിക വർഷം 66884.10 ലക്ഷം രൂപയുടെ 855 പ്രവൃത്തികൾക്കും ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ചെലവായ തുകയുടെ പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| (സി) | ഇതു പ്രകാരമുള്ള എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചു എന്നും വെളിപ്പെടുത്താമോ ? | ആസ്തി വികസന പദ്ധതിയ്ക്ക് കീഴിൽ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പ്രവർത്തികളുടെ പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്